## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 898** 30.10.2019-ൽ മറുപടിയ്ക്ക്

### ആദിവാസികളുടെ പുനരധിവാസം

**ചോദ്യം**

**ശ്രീ.പി.വി. അൻവർ**

**മറുപടി**

**അഡ്വ. ശ്രീ.കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

<table>
<tr>
<td>(എ)</td>
<td>പ്രകൃതി ദുരന്തം നേരിട്ട നിലമ്പൂർ നിയോജക മണ്ഡലത്തിലെ ആദിവാസി കോളനികളായ വാണിയമ്പുഴ, തരിപ്പപൊട്ടി, കമ്പളപ്പാറ, പുഞ്ചക്കൊല്ലി, അളക്കൽ എന്നിവിടങ്ങളിലെ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് എത്ര സ്ഥലം ആവശ്യമാണെന്നും എത്ര കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടതെന്നും വിശദമാക്കാമോ;</td>
<td>(എ)</td>
<td>നിലമ്പൂർ നിയോജക മണ്ഡലത്തിലെ ആദിവാസി കോളനിയിലെ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് താഴെ പറയും പ്രകാരം സ്ഥലം ആവശ്യമാണ്.<br><br>
<table>
<tr><th>നമ്പർ</th><th>കോളനികൾ</th><th>ഏരിയ (ഹെ)</th><th>കുടുംബാംഗങ്ങൾ</th></tr>
<tr><td>1</td><td>വാണിയമ്പുഴ</td><td>3.2958</td><td>30</td></tr>
<tr><td>2</td><td>തരിപ്പപൊട്ടി</td><td>2.0802</td><td>17</td></tr>
<tr><td>3</td><td>കമ്പളപ്പാറ</td><td>2.1498</td><td>14</td></tr>
<tr><td>4</td><td>തണ്ടൻകല്ല്</td><td>3.2360</td><td>31</td></tr>
<tr><td colspan="2">ആകെ</td><td>10.7618</td><td>92</td></tr>
</table>
<br>
നിലവിൽ ഈ കോളനിയിൽ താമസിക്കുന്ന 92 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം 10.7618 ഹെക്ടർ വനഭൂമി വ്യക്തിഗത അവകാശമായി നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തിൽ സംഭവിച്ച പ്രളയത്തിൽ ഈ ഭൂമികൾ ശക്തമായ നീരൊഴുക്കിലും പുഴ ഗതിമാറി ഒഴുകിയതിനാലും താമസയോഗ്യമല്ലാതായി മാറിയിട്ടുണ്ട്. ഈ കുടുംബങ്ങൾ നിലവിൽ തൊട്ടടുത്തുള്ള വനഭൂമിയിൽ താൽക്കാലിക കുരകൾ കെട്ടി താമസിക്കുന്നുണ്ട്. നിലമ്പൂർ നോർത്ത് ഡിവിഷനിലെ മേൽ പറഞ്ഞ 4 കോളനികളിലെ 92 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 10.7618 ഹെക്ടർ വനഭൂമി ആവശ്യമാണ്. പുഞ്ചകൊല്ലി, അളക്കൽ എന്നീ കോളനികളെ പുനരധിവസിപ്പിക്കേണ്ട ആവശ്യമില്ല.</td>
</tr>
</table>

| | | | |
|---|---|---|---|
| (ബി) | പുനരധിവാസത്തിനാവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും വിട്ടുകിട്ടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) | ഭൂമി നഷ്ടപ്പെട്ട വാണിയമ്പുഴ, തരിപ്പപൊട്ടി. കമ്പളപ്പാറ, തണ്ടൻകല്ല് എന്നീ കോളനികളുടെ ഊരുകൂട്ടങ്ങൾ 16/10/19 ന് മലപ്പുറം ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ വാണിയമ്പുഴ കോളനിയിൽ വെച്ച് ചേരുകയുണ്ടായി. ടി യോഗത്തിൽ ടി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട യൂസർ ഏജൻസി സമർപ്പിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി. ടി. പ്രൊപ്പോസൽ ഇതുവരെ നിലമ്പൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചർച്ച ചെയ്യുന്നതിനായി 31/10/2019 ന് ഡിസ്ട്രിക് ലെവൽ ടാസ്ക് ഫോഴ്സിന്റെ ഒരു യോഗം ജില്ലാ കളക്ടർ വിളിച്ചിട്ടുണ്ട്. |
| (സി) | വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോയെന്ന് അറിയിക്കാമോ? | (സി) | വനസംരക്ഷണ നിയമ പ്രകാരം മേൽ കോളനി നിവാസികളെ പുനരധിവസിപ്പിക്കുവാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ